# പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.3296 — 19/06/2019-ൽ മറുപടിക്ക്

## തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുള്ള എഞ്ചിനീയറിംഗ് വിഭാഗം

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. പി.ഉണ്ണി:** | | **എ.സി. മൊയ്തീൻ**<br>(ബഹു. തദ്ദേശസ്വയംഭരണ വകുപ്പമന്ത്രി) |
| (എ) തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുള്ള എഞ്ചിനീയറിംഗ് വിഭാഗം ശക്തിപ്പെടുത്തുന്നതിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എഞ്ചിനീയറിംഗ് വിഭാഗം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 372 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ഏഴ് വർഷമായി മുടങ്ങിക്കിടന്നിരുന്ന സൂപ്രണ്ടിംഗ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികകളിലെ സ്ഥാനക്കയറ്റങ്ങൾ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ഇടക്കാല ഉത്തരവിലൂടെ പുനസ്ഥാപിച്ചു ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മിറ്റി (ഹയർ) കൂടി 246 ഓളം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ പ്രൊവിഷണൽ പ്രൊമോഷനുകൾ റഗുലറൈസ് ചെയ്തു. കൂടാതെ 3 പേരെ ചീഫ് എഞ്ചിനീയർമാരായും, 14 പേരെ സൂപ്രണ്ടിംഗ് എഞ്ചിനീയർമാരായും, 40 പേരെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരായും, 110 പേരെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരായും സ്ഥാനക്കയറ്റം നൽകി നിയമിച്ചിട്ടുണ്ട്. |
| (ബി) പദ്ധതികളുടെ നടത്തിപ്പിന് തടസ്സമാകുന്ന കാര്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; പ്രസ്തുത അപാകതകൾ പരിഹരിക്കുന്നതിനായി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ; | (ബി) | വികസന പദ്ധതികൾ ആസൂത്രണം ചെയ്യുന്നത് അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്. പദ്ധതി നടത്തിപ്പ സംബന്ധിച്ച് തുടക്കം മുതൽ അവസാനം വരെയുള്ള കാര്യങ്ങൾ പദ്ധതി വിശകലനത്തിൽ ഉണ്ടാകേണ്ടതാണ്. അപ്രകാരം നടക്കാതെ വരുമ്പോഴാണ് |

തടസ്സങ്ങൾ ഉണ്ടാകുന്നത്. മറ്റ് വകുപ്പുകളുടെ സ്ഥലം വിട്ടുകിട്ടാനുള്ള ബുദ്ധിമുട്ട്, വിവിധ എൻ.ഒ.സി.കൾ ലഭ്യമാകുന്നതിനുള്ള തടസ്സം, കോൺട്രാക്ടർമാരുടെ നിസ്സഹരണം, മെറ്റീരിയൽസ് ലഭ്യമാകുന്നതിനുള്ള ബുദ്ധിമുട്ട്, കാലാവസ്ഥ വ്യതിയാനങ്ങൾ, ചില പിന്നോക്ക പ്രദേശങ്ങളിൽ ഉദ്യോഗസ്ഥരുടെ കുറവ് തുടങ്ങിയവയാണ് പ്രധാന തടസ്സങ്ങൾ. ഇപ്രകാരമുള്ള കാര്യങ്ങൾ മുൻകൂട്ടി കണ്ട് നടപ്പിലാക്കുവാൻ കഴിയാത്ത പ്രൊജക്ടുകൾക്ക് തുക വകയിരുത്തുവാൻ പാടുള്ളതല്ല എന്ന സന്ദേശം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്. പ്രൊജക്ടുകൾക്ക് എല്ലാ എൻ.ഒ.സിയും ലഭ്യമായ ശേഷം മാത്രമേ തുക വകയിരുത്തുവാൻ പാടുള്ളൂ എന്നും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ വീണ്ടും ഓർമ്മപ്പെടുത്തിയിട്ടുണ്ട്.

| | |
|---|---|
| (സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയറിംഗ് വിഭാഗത്തിലെ വിവിധ തസ്തികയിലുള്ളവരുടെ ഒഴിവുകൾ നികത്തുന്നതിന് അടിയന്തരമായി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കാമോ? | (സി) പി.എസ്.സി മുഖേന നിയമനം നടത്തേണ്ട ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യുകയും, സ്ഥാനക്കയറ്റം മുഖേന നടത്തേണ്ടവ അപ്രകാരവും നികത്തുന്നതിനുള്ള നടപടി യഥാസമയം സ്വീകരിച്ചു വരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**